**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3210** **13-07-2022 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷയുമായി ബന്ധപ്പെട്ട് പഠിതാക്കളുടെ വിവരം സൂക്ഷിക്കാത്തതും വ്യാജ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതുമായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | അന്വേഷണം നടത്തിയിരുന്നു. സാക്ഷരതാ മിഷൻ തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് നടത്തുന്ന പദ്ധതിയായ അക്ഷരശ്രീ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തിയ തുല്യതാ പരീക്ഷയുമായി ബന്ധപ്പെട്ട് പഠിതാക്കളുടെ വിവരം സൂക്ഷിക്കാത്തതും വ്യാജ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായും പറയപ്പെടുന്ന സംഭവം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും വ്യാജ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടില്ലെന്നും ടി സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ സംസ്ഥാന സാക്ഷരതാ മിഷനിൽ സൂക്ഷിച്ചിട്ടുള്ളതാകുന്നു വെന്നും കണ്ടെത്തിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്ന ഘട്ടത്തിൽ പൂർണ്ണമായ വിവരങ്ങൾ ഇല്ലാത്തതുകാരണം തിരുവനന്തപുരം നഗരസഭയിലെ സാക്ഷരതാ മിഷന്റെ അക്ഷരശ്രീ ഓഫീസിൽ മാറ്റി സൂക്ഷിച്ചിരുന്ന സർട്ടിഫിക്കറ്റുകളാണ് വ്യാജ സർട്ടിഫിക്കറ്റെന്ന രീതിയിൽ പ്രചരിപ്പിക്കപ്പെട്ടത്. അക്ഷരശ്രീ ഓഫീസിൽ തന്നെ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു ജീവനക്കാരൻ തന്നെ ടി സർട്ടിഫിക്കറ്റുകൾ കൈക്കലാക്കി സംസ്ഥാന സാക്ഷരതാമിഷനെയും സർക്കാരിനെയും അപകീർത്തിപ്പെടുത്തുന്നതിന് വേണ്ടി വ്യാജ സർട്ടിഫിക്കറ്റ് വിതരണം ചെയ്തെന്ന് ദൃശ്യമാധ്യമത്തിലൂടെയും മറ്റും വ്യാജ പ്രചരണം നടത്തുകയുമാണുണ്ടായതെന്നും അന്വേഷണ ത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ടി സംഭവത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ അന്വേഷണം നടത്തി കുറ്റക്കാരനെന്ന് കണ്ടെത്തിയ ജീവനക്കാരനെ സംസ്ഥാന സാക്ഷരതാ മിഷനിൽ |

| | | | |
|---|---|---|---|
| | | | നിന്നും മാനദണ്ഡങ്ങൾ പാലിച്ച് പുറത്താക്കിയിട്ടുള്ളതാണ്. |
| (സി) | സാക്ഷരതാമിഷന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിലും കാര്യക്ഷമമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ജനകീയ കാമ്പയിനിലൂടെ പഠിതാക്കളെ കണ്ടെത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നഗരസഭാ തലത്തിലും ത്രിതല പഞ്ചായത്ത് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സംഘാടക സമിതികൾ രൂപീകരിച്ചും അവരുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും കൂടുതൽ ജനകീയമാക്കിയുമാണ് സാക്ഷരതാമിഷന്റെ വിവിധങ്ങളായ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ